## ആം ആദ്മിയുടെ 2-ാംവരവ്

പരമ്പരാഗത രാഷ്ട്രീയ പാർട്ടികൾക്ക് വലിയ പ്രഹരമായിരുന്നു ആം ആദ്മിയുടെ ആഗമനം. ആ ആദ്യ ഡൽഹി വിജയത്തിന് ശേഷം ഏറെ കയ്പുനിറഞ്ഞ അനുഭവങ്ങളും ഈ നവ രാഷ്ട്രീയ പരീക്ഷണത്തിന് നേരിടേണ്ടിവന്നു. എന്നാൽ വലിയ ഭൂരിപക്ഷത്തോടെ വീണ്ടും കരുത്തരായി മടങ്ങിയെത്തിയിരിക്കുന്ന ആപ് പഴയ ശുഭസൂചനകളെ നിലനിർത്തുന്നുണ്ടോ?

# പാർലമെന്ററി ജനാധിപത്യത്തിന്റെ ശക്തിയെ നിരാകരിക്കരുത്

എല്ലാ സാമൂഹിക വിഭാഗങ്ങളുമായും സംവാദാത്മക ബന്ധം നിലനിർത്താൻ കഴിയാതെ പോയതുകൊണ്ടാണ് ഇടതു പാർട്ടികൾ ഇന്ത്യയിൽ പരാജയപ്പെട്ടത്. അത് സംഭവിക്കാതിരിക്കുക എന്നതിൽ എ.എ.പി ആദ്യഘട്ടത്തിൽ വളരെ ശ്രദ്ധയോടെയാണ് മുന്നോട്ട് പോയിട്ടുള്ളത്.

**യോഗേന്ദ്ര യാദവ് / കേരളീയം**

**ആം അദ്മി പാർട്ടി, അത് ജന്മമെടുത്ത ആദ്യനാളുകളിൽ തന്നെ തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ സജീവമായി ഇടപെടുകയും വലിയ വിജയങ്ങൾ കൈവരിക്കുകയും ചെയ്തിരിക്കുന്നു. ആദ്യം തെരഞ്ഞെടുപ്പ് വിജയം, പിന്നെ അടിത്തറ നിർമ്മിച്ചെടുക്കൽ എന്നത് ഇന്ത്യയിൽ ഒരു രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ച് പുതിയ കാര്യമാണ്. എന്നാൽ ഇതിന് പിന്നിലും താങ്കളെപ്പോലുള്ളവരുടെ ദീർഘകാലത്തെ പലവിധ ഇടപെടലുകളുണ്ട്. അത് വിശദീകരിക്കാമോ?**

മുപ്പത് വർഷമായി ജനകീയ സമരങ്ങളുമായി ബന്ധപ്പെട്ട് ഞാൻ പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ പ്രമുഖ സോഷ്യലിസ്റ്റ് കിഷൻ പട്നായ്കിന്റെ സമത സംഘടൻ എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള സമത യുവജൻ സഭയിൽ അംഗമായിരുന്നു ഞാൻ. ഔദ്യോഗിക സോഷ്യലിസ്റ്റ് പാർട്ടിയുടെ ഭാഗമായിരുന്നില്ല ഞങ്ങൾ. ലോഹ്യസോഷ്യലിസ്റ്റ് പാരമ്പര്യത്തിന്റെ തുടർച്ചയായിരുന്നു ഞങ്ങളുടെ പ്രസ്ഥാനം. തെരഞ്ഞെടുപ്പിൽ മത്സരിക്കുക എന്നത് പ്രസ്ഥാനത്തിന്റെ ലക്ഷ്യമായിരുന്നില്ല. സമാന്തരമായ ഒരു രാഷ്ട്രീയ സംസ്കാരം മുന്നോട്ടുവയ്ക്കുക എന്ന ലക്ഷ്യത്തോടെ 1995ൽ കിഷൻ പട്നായക് സമാജ്‌വാദി ജൻപരിഷദ് എന്ന രാഷ്ട്രീയ പാർട്ടി രൂപീകരിച്ചതോടെ ഞാനും അതിന്റെ ഭാഗമായി മാറി.

മേധാപട്കർ നേതൃത്വം നൽകുന്ന ഇന്ത്യയുടെ പലഭാഗങ്ങളിൽ നടക്കുന്ന ജനകീയ സമരങ്ങളുടെ കൂട്ടായ്മയായ ജനകീയ പ്രസ്ഥാനങ്ങളുടെ ദേശീയ സഖ്യ (എൻ.എ.പി.എം) വുമായി യോജിച്ച് പ്രവർത്തിക്കുന്ന ഒരു രാഷ്ട്രീയ പാർട്ടികൂടിയാണത്. എൻ.എ.പി.എം എന്ന പ്ലാറ്റ്ഫോം രൂപീകൃതമായതോടെ ബഹുവിധ ജനകീയ സമരങ്ങളെ കണ്ണിചേർക്കാൻ ഞങ്ങൾക്ക് കഴിഞ്ഞു. സാമൂഹികമാറ്റത്തിന്റെ ചാലകശക്തിയാകാൻ ഇന്ത്യയിലെ മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് കഴിയില്ല എന്നത് ജനങ്ങൾക്ക് കൂടുതലായി ബോധ്യം വന്ന കാലം കൂടിയായിരുന്നു അത്. സാമൂഹിക പരിവർത്തനത്തിലെ ക്രിയാത്മക പങ്ക് ചെറിയ, ചെറിയ ജനകീയ പ്രസ്ഥാനങ്ങൾ ഏറ്റെടുത്തു തുടങ്ങിയ കാലവുമായിരുന്നു അത്. പ്രത്യേകിച്ച് വിഭവങ്ങളുടെ മേൽ തദ്ദേശീയർക്കുള്ള അവകാശത്തെക്കുറിച്ച് വലിയ ചോദ്യങ്ങൾ ജനകീയ സമരങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. വിവരാവകാശ നിയ



യോഗേന്ദ്ര യാദവ്

മം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ശക്തമായ മൂവ്മെന്റ് ഉണ്ടാകുന്നു.

അത്തരം പ്രസ്ഥാനങ്ങൾ വലിയ രാഷ്ട്രീയോർജ്ജം പ്രസരിപ്പിച്ചിരുന്നെങ്കിലും മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തന്നെയായിരുന്നു വീണ്ടും തെരഞ്ഞെടുപ്പ് രാഷ്ട്രീയം കുത്തകയായിവച്ചിരുന്നത്. അധികാര രാഷ്ട്രീയവുമായി ബന്ധപ്പെട്ട് അവർ സൃഷ്ടിച്ചെടുത്ത ജീർണ്ണിച്ച സംസ്കാരം ജനകീയ പ്രസ്ഥാനങ്ങൾക്ക് വലിയ പ്രതിബന്ധങ്ങൾ തീർത്തു. തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ കൂടി പങ്കെടുത്തുകൊണ്ട് അതിനെ ചെറുക്കുന്നതിനുള്ള ചില ശ്രമങ്ങൾ സമാജ്‌വാദി ജനപരിഷത്ത്, ലോക് രാജ്നീതി മഞ്ച് എന്നീ രാഷ്ട്രീയ കക്ഷികളുടെ ഭാഗത്തുനിന്നും ഉണ്ടായി. എന്നാൽ പലവിധ കാരണങ്ങളാൽ ആ ശ്രമങ്ങൾ പരാജയപ്പെട്ടു. ആ പരാജയത്തിന്റെ കാരണങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടാണ് ആം ആദ്മി പാർട്ടി പുതിയ രൂപത്തിലുള്ള ഒരു ശ്രമം കൂടി നടത്തിയത്. അത് വിജയച്ചിരിക്കുകയാണ്. ഈ പാരമ്പര്യങ്ങളുടെയെല്ലാം തുടർച്ച ആം ആദ്മി പാർട്ടിയിലുണ്ട്. അതേസമയം തന്നെ അഴിമതിയും സുതാര്യമായ ഭരണനിർവഹണവും ഉൾപ്പെടെയുള്ള പുതിയ ചില രാഷ്ട്രീയ വിഷയങ്ങൾ ഉയർത്തിക്കൊണ്ടുവന്ന മറ്റൊരു ധാരയെക്കൂടി എ.എ.പിക്ക് സ്വാംശീകരിക്കാനും കഴിഞ്ഞു. ഈ രാഷ്ട്രീയോർജ്ജം കെടാതെ മുന്നോട്ട് കൊണ്ടുപോവുകയാണ് വേണ്ടത്.

**ഇന്ത്യൻ ദേശീയ സാഹചര്യത്തെ അഭിമുഖീകരിക്കുന്നതിൽ ആം ആദ്മി പാർട്ടിക്ക് ഒട്ടേറെ വീഴ്ചകൾ പറ്റി എന്നതല്ലേ യാഥാർത്ഥ്യം? ലോകസഭാ തെരഞ്ഞെടുപ്പിലെ നിങ്ങളുടെ വലിയ പരാജയം അതല്ലേ വ്യക്തമാക്കുന്നത്?**

തെരഞ്ഞെടുപ്പ് വ്യവസ്ഥയിലൂടെ നമ്മൾ ശീലിക്കപ്പെട്ടിരിക്കുന്ന പരമ്പരാഗതമായ ജയ-പരാജയങ്ങളുടെ പാരമ്പര്യത്തിൽ നിന്നും വിലയിരുത്തുന്നതുകൊണ്ടാണ് അങ്ങനെ തോന്നുന്നത്. ഡാമിന്റെ ഉയരം പിന്നെയും കൂട്ടി എന്നതുകൊണ്ട് മാത്രം നർമ്മദ സമരം ഒരു പരാജയമാണെന്ന് ആരും വിലയിരുത്തില്ലല്ലോ. ഒട്ടേറെ വിനാശകരമായ വികസന പദ്ധതികളിൽ നിന്നും ലോകബാങ്ക് പിന്മാറുന്നതിന് പല ഡാം പ്രോജക്ടുകളും റദ്ദുചെയ്യുന്നതിനും നർമ്മദ സമരം കാരണമായിത്തീർന്നു. കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ പുനഃരധിവാസത്തിന്റെ പ്രശ്നം സമരം ഉയർത്തിക്കൊണ്ടുവന്നു. അഴിമതിയുടെ പ്രശ്നം ഉയർത്തിക്കൊണ്ടുവന്നു. ഇത്തരത്തിലുള്ള പല കാര്യങ്ങളും വിലയിരുത്തിക്കൊണ്ട് മാത്രമേ നിങ്ങൾക്ക് നർമ്മദ സമരത്തിന്റെ ജയ-പരാജയങ്ങൾ മനസ്സിലാക്കാൻ കഴിയൂ. ആം ആദ്മി പാർട്ടിയുടെ ലോകസഭാ തെരഞ്ഞെടുപ്പിലെ പ്രകടനത്തെയും ആ രീതിയിൽ വിലയിരുത്താൻ കഴിയണം. അനേകം വൈവിദ്ധ്യങ്ങളുള്ള വിശാലമായ ഒരു ഭൂപ്രദേശമാണ് ഇന്ത്യ. വളരെ സങ്കീർണ്ണമായ ഒരു രാഷ്ട്രീയാവസ്ഥയാണ് ഓരോ പ്രദേശത്തുമുള്ളത്. അതിനിടയിൽ ആം ആദ്മി പാർട്ടി എന്ന പേര് ജനങ്ങൾക്കിടയിൽ സുപരിചിതമാക്കുക എന്നതുതന്നെ വലിയ ദൗത്യമാണ്. നയപരിപാടികൾ ജനങ്ങളിലേക്ക് എത്തിക്കുക എന്നതൊന്നും ഒരു തെരഞ്ഞെടുപ്പിലൂടെ സാധ്യമാകുന്ന കാര്യമല്ല. അതേസമയം തന്നെ ഏറെ പ്രതീക്ഷ നൽകുന്ന ഒട്ടേറെ കാര്യങ്ങൾ സംഭവിച്ചു. ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളിലും ഞങ്ങൾക്ക് സന്നദ്ധപ്രവർത്തകരെ കിട്ടി എന്നതാണ് പ്രധാന സംഗതി. ആം ആദ്മി പാർട്ടിയോട് അനുഭാവം പ്രകടിപ്പിച്ചവർക്കെല്ലാം അതിന്റെ പ്രവർത്തകരായി തന്നെ മുന്നോട്ട് വരാൻ ഇലക്ഷൻ പ്രവർത്തനങ്ങൾ അവസരമൊരുക്കി. ഒരുലക്ഷത്തിൽ അധികം സന്നദ്ധ പ്രവർത്തകർ ഇന്ത്യയുടെ പല ഭാഗങ്ങളിലായി ആം ആദ്മി പാർട്ടിക്ക് വേണ്ടി മുഴുവൻ സമയവും തെരഞ്ഞെടുപ്പിൽ പ്രവർത്തിച്ചു. ഞങ്ങൾക്ക് ആകെ ഒരു കോടിയിലേറെ വോട്ടുകിട്ടി. അതെല്ലാം വിലയിരു

ത്തുമ്പോൾ ലോകസഭാ തെരഞ്ഞെടുപ്പും വിജയം തന്നെയായിരുന്നു. നീണ്ടയാത്രയ്ക്ക് ഒരു നല്ല തുടക്കം.

**ജനകീയ പ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ടുവന്ന രാഷ്ട്രീയധാരയെ ആം ആദ്മി പാർട്ടി പ്രതിനിധീകരിക്കുന്നുണ്ടെന്ന് താങ്കൾ പറഞ്ഞു. ഒരു ഭരണവർഗ്ഗ പാർട്ടിയായി മാറിയതോടെ ആ രാഷ്ട്രീയത്തെ എത്രത്തോളം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നുണ്ട്? ഭരണത്തിൽ അത് പ്രതിഫലിക്കുമോ?**

ജനകീയ പ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ടുന്ന രാഷ്ട്രീയത്തിന്റെ തുടർച്ച ആം ആദ്മി പാർട്ടിയിലും നിലനിർത്താൻ പലരും ശ്രമിക്കുന്നുണ്ട്. അതേ സമയം അതുമാത്രം ലക്ഷ്യമാക്കുന്ന ഒരു പാർട്ടിയായല്ല ആം ആദ്മി പാർട്ടി നിലനിൽക്കുന്നത്. ഞങ്ങൾ ഒരു പരമ്പരാഗത ഇടതുപാർട്ടിയോ ഗ്രീൻ പാർട്ടിയോ അല്ല. സമൂഹത്തിന്റെ എല്ലാ പരിഛേദ

എല്ലാ സാമൂഹിക വിഭാഗങ്ങളിലുമുള്ളവർ, ബഹുവിധ കാഴ്ച്ചപ്പാടുകളുള്ളവർ ഞങ്ങളുടെ പാർട്ടിയിലുണ്ട്. അഴിമതി മാത്രം പരിഹരിച്ചാൽ മതിയെന്ന് കരുതുന്നവരുണ്ട്. ധാർമ്മികമായ രീതിയിൽ കച്ചവടമാകാം എന്നുകരുതുന്നവരുണ്ട്. രാജ്യസ്നേഹത്തിന് വലിയ വിലകൽപ്പിക്കുന്നവരുണ്ട്. ഈ താത്പര്യങ്ങൾക്കെല്ലാമിടയിൽ ഒരു മധ്യവർത്തിയായി നിൽക്കുക എന്നതിനാണ് എ.എ.പി ശ്രമിക്കുന്നത്. പല ജനകീയ പ്രസ്ഥാനങ്ങൾക്കും ഈ സമീപനത്തിൽ നിരാശയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്.

ങ്ങളെയും ഉൾക്കൊള്ളുന്ന ഒരു തുറന്ന സമീപനമുള്ള പാർട്ടിയാണിത്. അതുകൊണ്ടുതന്നെ എല്ലാ സാമൂഹിക വിഭാഗങ്ങളിലുമുള്ളവർ, ബഹുവിധ കാഴ്ച്ചപ്പാടുകളുള്ളവർ ഞങ്ങളുടെ പാർട്ടിയിലുണ്ട്. അഴിമതി മാത്രം പരിഹരിച്ചാൽ മതിയെന്ന് കരുതുന്നവരുണ്ട്. ധാർമ്മികമായ രീതിയിൽ കച്ചവടമാകാം എന്നുകരുതുന്നവരുണ്ട്. രാജ്യസ്നേഹത്തിന് വലിയ വിലകൽപ്പിക്കുന്നവരുണ്ട്. ഈ താത്പര്യങ്ങൾക്കെല്ലാമിടയിൽ ഒരു മധ്യവർത്തിയായി നിൽക്കുക എന്നതിനാണ് എ.എ.പി ശ്രമിക്കുന്നത്. പല ജനകീയ പ്രസ്ഥാനങ്ങൾക്കും ഈ സമീപനത്തിൽ നിരാശയുണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നുണ്ട്. എൻ.എ.പി.എം പ്ലാറ്റ്ഫോമിൽ ഉള്ളവർ തന്നെ ഇക്കാര്യത്തിൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. പൊതു രാഷ്ട്രീയ പ്രസ്ഥാനം എന്ന നിലയിൽ സമൂഹത്തിലെ വിഭിന്നങ്ങളായ താത്പര്യങ്ങളുമായി സംഭാഷണത്തിൽ ഏർപ്പെടേണ്ടിവരും എന്ന യാഥാർത്ഥ്യം അവർ മനസ്സിലാക്കണം. എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കണം, പക്ഷെ എല്ലാ താത്പര്യങ്ങളെയും ഉൾക്കൊള്ളണോ എന്ന് പൊതുനന്മയെ മുൻനിർത്തി തീരുമാനിക്കണം. എല്ലാ സാമൂഹിക വിഭാഗങ്ങളുമായും അത്തരത്തിലുള്ള സംവാദാത്മക ബന്ധം നിലനിർത്താൻ കഴിയാതെ പോയതുകൊണ്ടാണ് ഇടതുപാർട്ടികൾ ഇന്ത്യയിൽ പരാജയപ്പെട്ടത്. അത് സംഭവിക്കാതിരിക്കുക എന്നതിൽ എ.എ.പി ആദ്യഘട്ടത്തിൽ വളരെ ശ്രദ്ധയോടെയാണ് മുന്നോട്ട് പോയിട്ടുള്ളത്.

**സമാജ്‌വാദി ജനപരിഷത്ത് എന്ന രാഷ്ട്രീയ പാർട്ടിയുടെ ഭാഗമായി താങ്കൾ മുമ്പും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽ ഇടപെട്ടിട്ടുണ്ടല്ലോ. അന്നുണ്ടായ പരാജയങ്ങൾ പുതിയ പ്രായോഗിക തന്ത്രങ്ങൾ രൂപീകരിക്കുന്നതിൽ സഹായിച്ചിട്ടുണ്ടോ?**

അന്നെല്ലാം പാർട്ടിക്ക് സ്വാധീനമുള്ള ചില മേഖലകളിൽ മാത്രമാണ് ഞങ്ങൾ മത്സരിച്ചിരുന്നത്. ആരു ഭരിക്കണം എന്ന അന്തിമ വിധിനിർണ്ണയത്തിൽ ഒന്നോ രണ്ടോ സ്ഥലത്ത് ഒരു പാർട്ടി വിജയച്ചതുകൊണ്ടൊന്നും കാര്യമായി ഗുണം ചെയ്യില്ലെന്ന് ജനങ്ങൾ ചിന്തിക്കും. അതുകൊണ്ടുതന്നെ, നമുക്ക് വോട്ട് ചെയ്യേണ്ടതില്ല എന്ന് ജനം തീരുമാനിക്കും. എന്നാൽ ആ പ്രതിസന്ധിയെ മറികടക്കുന്നതിനായി ആം ആദ്മി പാർട്ടി 2013ലെ ആദ്യ തെരഞ്ഞെടുപ്പിൽ തന്നെ ഡൽഹിയിലെ എല്ലാ സീറ്റുകളിലും മത്സരിച്ചു. എല്ലാ സീറ്റിലും മത്സരിക്കുമ്പോൾ സംസ്ഥാന ഭരണത്തിൽ എന്തെങ്കിലും ചെയ്യാൻ തീരുമാനിച്ചുതന്നെ ഇടപെടുന്നതാണെന്ന വികാരം ജനങ്ങൾക്കിടയിലുണ്ടാകും. ഡൽഹിയിൽ അതുണ്ടായി എന്നതാണ് കാണാൻ കഴിയുന്നത്. ഒരൊറ്റ അജണ്ട മാത്രം ലക്ഷ്യമാക്കുന്ന പാർട്ടിയായി നിന്നില്ല എന്നതാണ് എ.എ.പിയുടെ മറ്റൊരു വിജയം. സമാനതകളില്ലാത്ത വിഷയങ്ങളിൽ അത് നിലപാട് മുന്നോട്ട് വച്ചു. കീഴ്ത്തട്ടുകാർ മുതൽ അതി സമ്പന്നർ വരെയുള്ള എല്ലാ സാമൂഹിക വിഭാഗങ്ങളെയും കൂടെ നിർത്താൻ ശ്രമിച്ചു. പാർലമെന്ററി ജനാ

ധിപത്യ സംവിധാനത്തിൽ അചഞ്ചലമായ വിശ്വാസം പുലർത്തി എന്നതാണ് ഏറ്റവും പ്രധാനം. ജനകീയ പ്രസ്ഥാനങ്ങൾക്ക് ഇപ്പോഴും ഇക്കാര്യത്തിൽ വ്യക്തതയില്ല. പാർലമെന്ററി ജനാധിപത്യത്തിന്റെ ശക്തിയെ അവർ തിരസ്കരിക്കുകയാണ് പതിവ്. അതിലും ഇടപെടേണ്ടതെങ്ങനെ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

**സ്വരാജ് ആണ് പ്രധാനമുദ്രാവാക്യമായി നിങ്ങൾ മുന്നോട്ട് വയ്ക്കുന്നത്. നമ്മുടെ രാജ്യത്ത് തന്നെ വനാവകാശ നിയമവും പെസ നിയമവും പോലെയുള്ള ഒട്ടേറെ നിയമങ്ങൾ തദ്ദേശീയ ജനതയ്ക്ക്, പ്രത്യേകിച്ച് ആദിവാസി വിഭാഗങ്ങൾക്ക് അവരുടെ അധിവാസ പ്രദേശങ്ങളിൽ ഭരണപരമായ അധികാരം നൽകുന്നുണ്ട്. നിങ്ങളുടെ സ്വരാജ് സങ്കൽപ്പവും ഈ നിയമങ്ങളും പരസ്പരം സഹായകമാകുന്നവയായി അനുഭവപ്പെട്ടിട്ടുണ്ടോ?**

തദ്ദേശീയ ജനതയ്ക്ക്, പ്രത്യേകിച്ച് അവരുടെ ഗ്രാമസഭകൾക്ക് ഭരണപരമായ അധികാരം നൽകുക എന്നത് ഇന്ത്യയുടെ പരമ്പരാഗത സംസ്കാരത്തിന്റെ തന്നെ ഭാഗമാണെന്ന് ചരിത്രം പരിശോധിച്ചാൽ കാണാൻ കഴിയും. പിന്നീട് ഭരണഘടനാപരമായ അവകാശമായി നമ്മൾ അത് അംഗീകരിക്കുകയും ചെയ്തു. സ്വരാജ് എന്ന ഞങ്ങൾ മുന്നോട്ട് വയ്ക്കുന്ന ആശയം ഇന്ത്യയിലെമ്പാടും ജനങ്ങൾക്ക് അധികാരം നൽകുന്ന അത്തരം തദ്ദേശീയ ഭരണവ്യവസ്ഥ ശക്തിപ്പെടണമെന്നാണ് പറയുന്നത്. അതേസമയം തദ്ദേശീയ ജനതയുടെ ഭരണപരമായ അധികാരങ്ങളെ അംഗീകരിക്കുന്ന വനാവകാശ നിയമവും പെസ നിയമവുമൊന്നും വേണ്ടത്ര ചർച്ച ചെയ്യാൻ എ.എ.പിക്ക് കഴിഞ്ഞിട്ടില്ല. അത്തരം ചർച്ചകൾ തീർച്ചയായും ഉയർന്നുവരേണ്ടതുണ്ട്.

**ജനകീയ പ്രസ്ഥാനങ്ങൾക്ക് പലതരത്തിലുള്ള വിയോജിപ്പുകൾ എ.എ.പിയോടുണ്ടെങ്കിലും അത്തരം മൂവ്മെന്റുകളുമായി തുടർന്നും ഒരു ബന്ധം നിലനിർത്തുന്നതിനുള്ള പ്രവർത്തനമാർഗ്ഗം എ.എ.പിക്ക് ഉണ്ടോ?**

എൻ.എ.പി.എം ഗ്രൂപ്പുമായി അത്തരം ചർച്ചകൾ തുടരുന്നുണ്ട്. എൻ.എ.പി.എമ്മിന്റെ കഴിഞ്ഞ ദേശീയ കോൺഫറൻസിൽ ഞങ്ങൾ പങ്കെടുത്തിരുന്നു. ചർച്ചകളിൽ പങ്കെടുത്തിരുന്നു. ഇക്കാര്യത്തിൽ ഒരു ജൈവീക ബന്ധം രൂപപ്പെടുകയാണ് വേണ്ടത്. ഔപചാരികമായ ഒരു ഘടന ആ ബന്ധത്തിന് വേണ്ടതുണ്ടോ എന്ന കാര്യം ഭാവിയിൽ രൂപപ്പെട്ട് വരേണ്ടതാണ്. പലവിധത്തിലുള്ള ആവശ്യങ്ങൾ ഉന്നയിച്ച് സമരം ചെയ്യുന്നവരുടെ ഒരു വിശാലകുടുംബമായി അത് വികസിക്കണം. ആം ആദ്മി പാർട്ടി ആ കുടുംബത്തിലെ പ്രബല അംഗമായി മാറരുത്. എല്ലാവർക്കും സ്വതന്ത്രമായ നിലപാടുകളിൽ നിൽക്കാൻ കഴിയണം. അതേസമയം തന്നെ ഒരു കുടുംബത്തിന്റെ ഭാഗമാണെന്ന തോന്നലുണ്ടാവുകയും വേണം. എ.എ.പിയുടെ മീറ്റിംഗുകളിലേക്ക് അവരുടെ പ്രവർത്തകർ ക്ഷണിക്കപ്പെടണം. നമ്മൾ അവരുടെ യോഗങ്ങളിലേക്ക് പോകണം. കൃത്യമായ ഒരു ഘടന അത്തരം കാര്യങ്ങൾക്ക് ഭാവിയിലുണ്ടാകണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്.

**പാർട്ടി സംവിധാനത്തിനുള്ളിൽ അധികാരവും ജനാധിപത്യവുമെല്ലാം എങ്ങനെയാണ് വിനിയോഗിക്കപ്പെടുന്നത്?**

പലതരത്തിലുള്ള പ്രസ്ഥാനങ്ങളിൽ നിന്നും ഉയർന്നുവന്നവർ ഒരുമിച്ച് ചേർന്ന് രൂപം നൽകിയ പാർട്ടിയായതുകൊണ്ട് ഇപ്പോൾ പാർട്ടി ഘടനയെക്കുറിച്ച് പല ആശയക്കുഴപ്പങ്ങളും നിലനിൽക്കുന്നുണ്ട്. പുറത്ത് വളരെ ശക്തരായിക്കൊണ്ടിരിക്കുമ്പോഴും ഉള്ളിൽ ചില ദുർബലതകളുണ്ട്. വ്യക്തമായ ഒരു സംഘടനാ രൂപം ഉണ്ടായിവരേണ്ടതുണ്ട്. പാർട്ടി പരിപാടികൾ നടപ്പിലാക്കുന്നതിലൂടെ സ്വാഭാവികമായി അത് ഉയർന്നുവരുകയാണ് വേണ്ടത്. അല്ലാതെ സംഘടന ആദ്യം ബലപ്പെടുത്തിയിട്ട് പ്രവർത്തനങ്ങൾ തുടങ്ങേണ്ടതില്ല എന്നാണ് എനിക്ക് തോന്നുന്നത്. അത് പരമ്പരാഗത ഇടതുപാർട്ടികളുടേത് പോലെയാകും. ഉള്ളിൽ വളരെ ശക്തവും, പുറമെ ദുർബലവും. പരമ്പരാഗത നിർമ്മിതികളെ പുനർമ്മിക്കാൻ എന്തായാലും സമയമെടുക്കും. ■


## പ്ലാച്ചിമട യോഗം

പ്ലാച്ചിമട നഷ്ടപരിഹാര ട്രിബ്യൂണൽ ബിൽ വീണ്ടും കേന്ദ്രസർക്കാർ മടക്കി അയച്ച പശ്ചാത്തലത്തിൽ പ്ലാച്ചിമട സമരത്തിന്റെ ഭാവിയെക്കുറിച്ച് ചർച്ച ചെയ്യാൻ

**2015 ഏപ്രിൽ മാസം 12 ഞായറാഴ്ച രാവിലെ 10.30 മുതൽ തൃശൂർ വടക്കേ സ്റ്റാന്റിന് സമീപമുള്ള പി.ജി. സെന്ററിൽ**

വച്ച് കൂടിയാലോചനാ യോഗം നടത്തുന്നു. പങ്കെടുക്കുക. ബന്ധങ്ങൾക്ക്:

വിളയോടി വേണുഗോപാലൻ - 9744831675

അറുമുഖൻ പത്തിച്ചിറ - 9288181655